ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയംഹയർ സെക്കന്ററി വിഭാഗം ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം ,
e-mail Id : dirdhse.dge@kerala.gov.in
Phone No : 0471 2325868

**നം. എച്ച്.എസ്.ഇ/5034/2024- എഡി സി6** **തീയതി :15-06-2024**

## സർക്കുലർ

വിഷയം : പൊ.വി.വ - ഹ.സെ.വി – ജീവനക്കാര്യം – ഹയർ സെക്കന്ററി അധ്യാപകരുടെ 2023-2024 വർഷത്തെ പൊതുസ്ഥലംമാറ്റം – ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. 16/02/2024 തീയതിയിലെ ഇതേ നമ്പർ പൊതുസ്ഥലംമാറ്റ ഉത്തരവ്
2. 192/2024, 193/2024, 219/2024, 224/2024 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 13/06/2024 തീയതി പുറപ്പെടുവിച്ച വിധിന്യായ ഉത്തരവ്

ഹയർ സെക്കന്ററി അധ്യാപകരുടെ 2023-2024 വർഷത്തെ പൊതുസ്ഥലംമാറ്റം ഉത്തരവായിരുന്നു. ആയത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഒ.എ 314/2024 കേസിന്റെ 21/02/2024 ലെ ഉത്തരവിനെത്തുടർന്ന് സ്റ്റേയിൽ ആയിരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ സൂചന (2) ഉത്തരവ് പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയും, 16/02/2024 തീയതിയിൽ സൂചന (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഹയർ സെക്കന്ററി അധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റം അനുവദിച്ചുതരികയും ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ഇനിയും ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്ത അധ്യാപകർ 18/06/2024 ന് വൈകിട്ട് 5 മണിക്ക്

മുൻപായി മാറ്റം ലഭിച്ചിട്ടുള്ള സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ആയതിനുള്ള നടപടികൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതുമാണ്. ട്രാൻസ്ഫർ ലഭിച്ച മുഴുവൻ അധ്യാപകരുടേയും SPARK ലെയും ട്രാൻസ്ഫർ സൈറ്റിലെയും വിവരങ്ങൾ 18/06/2024 നകം അതത് പ്രിൻസിപ്പൽമാർ കൃത്യമാക്കേണ്ടതാണ്.

സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ആയിരുന്നത് കാരണം പഴയ സ്കൂളിൽ നിന്ന് റിലീവ് ചെയ്യുകയും പുതിയ സ്കൂളിൽ പ്രവേശനം നേടാൻ സാധിക്കാതിരുന്നവരുമായ അധ്യാപകരുടെ സർവ്വീസ് ബ്രേക്ക് സർക്കാർ അനുമതിയോടെ ക്രമപ്പെടുത്തുന്നതായിരിക്കും.

പൊതുസ്ഥലംമാറ്റം സംബന്ധിച്ച കോടതി വ്യവഹാരങ്ങളെത്തുടർന്ന് ട്രാൻസ്ഫർ നടപടികൾ നിർത്തിവച്ചിരുന്ന വേളയിൽ 12/03/2024 ന് ഹയർ സെക്കന്ററി പ്രിൻസിപ്പൽ പ്രമോഷൻ നടന്നിരുന്നു. പ്രമോഷൻ നേടിയ പ്രിൻസിപ്പൽമാർ നിയമിക്കപ്പെട്ട സ്കൂളുകളിൽ നിന്നും ത്രോൺ ഔട്ട് ആയ അധ്യാപകരുടെ പുനർനിയമനം ഉടൻ തന്നെ ഉത്തരവാകുന്നതാണ്. അത്തരം അധ്യാപകർക്ക് സർവ്വീസ് ബ്രേക്ക് ഉണ്ടാകുന്ന പക്ഷം സർക്കാർ അനുമതിയോടെ ക്രമീകരിച്ച് നൽകുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

**പകർപ്പ്:**
**എല്ലാ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും**
**(അടിയന്തിര തുടർ നടപടികൾക്കായി )**